13. ജി.എച്ച്.എസ്., മുന്നാട് (പുതിയ സ്കൂൾ)
14. ജി.എച്ച്.എസ്., കാഞ്ഞിരംപൊയിൽ
15. ജി.എച്ച്.എസ്., പുല്ലൂർ പെരിയ
16. ജി.എച്ച്.എസ്., ശ്രീരമ്പിൽ
17. ജി.എച്ച്.എസ്., കുറ്റിക്കോൽ (പുതിയ സ്കൂൾ).

(ബി) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു :

അദ്ധ്യാപക തസ്തികകൾ :

എച്ച്.എം.-1

ഹൈസ്കൂൾ അദ്ധ്യാപകർ-5 (സയൻസ്-1, സോഷ്യൽ സയൻസ്-1, കണക്ക്-1, മലയാളം-1, ഹിന്ദി-1)

അനദ്ധ്യാപക തസ്തികകൾ :

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി-ഇ) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന നടപടി

87 (1142) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് ഹൈസ്കൂൾ, വി.ആർ.പുരം, ഗവൺമെന്റ് ഹൈസ്കൂൾ ഫോർ ഗേൾസ്, ഈസ്റ്റ് ചാലക്കുടി, ഗവൺമെന്റ് ഹൈസ്കൂൾ ഫോർ ബോയ്സ് തുടങ്ങിയ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly